"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം

നമ്പർ:ഐ1/12999/2016

തീയതി: 22/06/2016

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ആസൂത്രണം - പ്ലാൻ ശീർഷകത്തിലെ ചെലവ് വിവരങ്ങൾ യഥാസമയം അറിയിക്കുന്നത് - സംബന്ധിച്ച്

*********

പ്ലാൻ ശീർകത്തിലെ ചെലവ് വിവരം എല്ലാ മാസവും അവസാനത്തെ പ്രവൃത്തി ദിവസത്തിൽ അറിയിക്കണമെന്ന് പല തവണ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം ഐ.ടി.ഐ. കളിലേയും പ്രിൻസിപ്പാൾമാരും, D.D.O മാരും ടി നിർദ്ദേശം കൃത്യമായി പാലിക്കുന്നില്ല. കൂടാതെ ഐ.ടി.ഐ. കളിൽ നിന്നും വ്യത്യസ്ത രൂപത്തിലുള്ള expenditure statement നൽകുന്നതിനാൽ ആയത് ഏകോപിപ്പിച്ച് സർക്കാരിലേക്ക് നൽകുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു.

പ്ലാൻ ശീർഷകത്തിലെ ചെലവ് വിവരം എല്ലാ മാസവും 3-ാം തീയതിക്കുള്ളിൽ സർക്കാരിലേക്കും, Plan space ലേക്കും നൽകണമെന്ന് സർക്കാരിൽ നിന്ന് കർശന നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന സ്റ്റേറ്റ്മെന്റിൽ നിർബന്ധമായും ടി ചെലവ് വിവരം തയ്യാറാക്കേണ്ടതും, itdplanning@gmail.com എന്ന e-mail വിലാസത്തിൽ എല്ലാ മാസവും അവസാനത്തെ പ്രവൃത്തി ദിവസത്തിൽ അയയ്ക്കേണ്ടതുമാണ്. പകർപ്പ് തപാൽ മുഖേനയും ലഭ്യമാക്കേണ്ടതുമാണ്. ഇതിൽ സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ സ്ഥാപന മേധാവികൾക്കും.

പകർപ്പ് :

ASPD (SPIU), JD (SIC)

എസ്.കെ. 22-06-16